**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 311** **22-02-2022 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകരിൽ നിന്ന് യഥാസമയം നെല്ല് സംഭരിക്കുന്നതിനും ആയതിന്റെ വില മുടക്കം കൂടാതെ നൽകുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പാടശേഖരങ്ങളിൽ വിളവെടുപ്പ് ആരംഭിക്കുന്ന സമയത്തു തന്നെ പ്രസ്തുത പാടശേഖരങ്ങളിൽ നിന്നും നെല്ലെടുക്കേണ്ട മില്ലുകൾക്ക് അനുമതി നൽകിക്കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള കർഷകരിൽ നിന്നും യഥാസമയം നെല്ല് സംഭരിക്കുന്നു. കർഷകരിൽ നിന്നും നെല്ലെടുത്തശേഷം Point of Sale (POS) മെഷീൻ ഉപയോഗിച്ച് ടി കർഷകർക്ക് പ്രിൻറ് ചെയ്ത നെല്ല് കൈപ്പറ്റ് രസീത് നൽകുന്നു. കർഷകർക്ക് നെല്ലിന്റെ വില നൽകുന്നത് വായ്പാടിസ്ഥാനത്തിലാണ്. Paddy Receipt Sheet (PRS) വായ്പാപദ്ധതി എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സപ്ലൈകോ നിലവിൽ 11 ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കർഷകർക്ക് നൽകുന്ന മേൽ പരാമർശിച്ചിട്ടുള്ള നെല്ല് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ കർഷകർക്ക് വായ്പയായി നെല്ലിന്റെ വില നൽകുന്നു. ഇതിന്റെ പലിശയടക്കമുള്ള തിരിച്ചടവ് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇത്തരത്തിൽ നെല്ല് കൈപ്പറ്റ് രസീത് കർഷകർ ബാങ്കുകളിൽ സമർപ്പിക്കുമ്പോൾ ബാങ്കുകൾ കർഷകർക്ക് വായ്പ നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ഇതേ തുടർന്ന് ലോൺ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പാഡി പേയ്മെൻറ് ഓഫീസർക്ക് അയച്ച് നൽകുകയും പാഡി പേയ്മെൻറ് ഓഫീസർ ഉടൻതന്നെ ഇതിനനുബന്ധമായി പേ ഓർഡർ തയ്യാറാക്കി ബാങ്കുകൾക്ക് തിരികെ നൽകുകയും ചെയ്യുന്നു. ബാങ്കുകൾ പേ ഓർഡറുകൾ പ്രകാരമുള്ള തുക |

| | | | |
|---|---|---|---|
| | | | കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേയ്മെൻറ് ആയി കൈമാറുന്നു. |
| (ബി) | കർഷകർക്ക് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്. നിലവിൽ 8211 കർഷകർക്കായി 43.86 കോടി രൂപ കുടിശ്ശികയുണ്ട്. 82892 കർഷകർക്കായി 599.17 കോടി രൂപ നൽകിട്ടുണ്ട്. കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി റേഷൻ കടകൾക്ക് നൽകുന്നതിനു പകരം മാർക്കറ്റിലേക്ക് മറിച്ചു വിൽക്കുകയും പകരം പഴകിയ അരി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് റേഷൻകടകളിൽ എത്തിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവണതയ്ക്കെതിരെ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ? | (സി) | കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് കരാറിലേർപ്പെട്ടിരിക്കുന്ന മില്ലുകൾ മുഖാന്തിരം സംസ്കരിച്ച് അരിയാക്കി മാറ്റി 2 തവണ ഗുണനിലവാര പരിശോധന നടത്തി സംഭരിച്ച നെല്ലിൽ നിന്നും ലഭ്യമായ അരി തന്നെയാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് വിതരണയോഗ്യമായ അരി NFSA (National Food Security Act) ഗോഡൗണിലേയ്ക്ക് കൈമാറുന്നത്. എന്നാൽ ഈ അരി മില്ലുടമകൾ മറിച്ച് വിറ്റ് പകരം പഴകിയ അരി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ശേഖരിച്ച് റേഷൻ കടകളിൽ എത്തികുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ